

# ഇനിയെങ്കിലും നിർത്തിക്കൂടേ...

**വെറും മൂന്ന് തുള്ളികൊണ്ട് പോളിയോ മുക്തി എന്ന പേരിൽ 1995 ൽ ആരംഭിച്ച പരിപാടി ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും 'മുക്തി' കൈവരിക്കാത്തതെന്തുകൊണ്ട്? അപകടകരമായതും അനേകം കുട്ടികൾ മരിക്കാൻ കാരണമായതുമായ ഈ മരുന്ന് നിർത്താത്തത് എന്തുകൊണ്ട്?**

**ആരോഗ്യജാഗ്രതാ പ്രവർത്തകർ എഴുതുന്നു**

മുപ്പത് വർഷങ്ങളായി ലോകമെമ്പാടും നടന്ന അനേകം ആധികാരിക പഠനങ്ങൾ  പോളിയോ രോഗം തടയാൻ ഓറൽ പോളിയോ വാക്സിന് ശക്തിയില്ലെന്ന് തെളിയിച്ചിട്ടുണ്ട്.  ലോകപ്രശസ്ത ശാസ്ത്രജ്ഞരായ ഡോ. പുഷ്പ എം ഭാർഗ്ഗവ, ഡോ ജേക്കബ്ജോൺ, ഡോ. റെനു പട്ടേൽ, പ്രൊഫ യശ്പാൽ, തുടങ്ങിയവർ ഈ തുള്ളിമരുന്നിന്റെ ഫലശൂന്യത പലതവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഐ.എം.എയുടെ വാക്സിനേഷൻ സബ് കമ്മിറ്റി ചെയർമാനായിരുന്ന ഡോ. ജേക്കബ് പുളിയേൽ 2006ൽ  ഹിന്ദു പത്രത്തിലെഴുതിയ ലേഖനം ഈ മരുന്നിന്റെ അപകടങ്ങളെ തുറന്നു കാട്ടുകയുണ്ടായി.

ഇത്രയും കാലത്തെ മരുന്നു വിതരണത്തിനുശേഷവും ഉത്തർപ്രദേശ്, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ പോളിയോ രോഗബാധ കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയാണ്. 2008ൽ രോഗം ബാധിച്ച 64% കുട്ടികളും പത്ത് ഡോസിൽ കൂടുതൽ മരുന്നു സ്വീകരിച്ചവരായിരുന്നുവെന്നും അതിനാൽ പോളിയോ തടയാൻ മറ്റുമാർഗ്ഗങ്ങൾ നോക്കേണ്ടതുണ്ടെന്നും കേന്ദ്ര ആരോഗ്യ വകുപ്പുതന്നെ പ്രസ്താവിച്ചുകഴിഞ്ഞു. എന്നിട്ടും അതേ മരുന്നു തന്നെ വീണ്ടും വീണ്ടും വിതരണം ചെയ്യുന്നത് ആരുടെ താൽപര്യം സംരക്ഷിക്കാനാണ്?

## തുള്ളിമരുന്ന് എന്ന വിഷം

കുരങ്ങ്, പന്നി, പശു തുടങ്ങിയ ജന്തുക്കളുടെ മൃതമായ ശരീരഭാഗങ്ങളിൽ നിന്നെടുക്കുന്ന ദ്രാവകമാണ് ഈ മരുന്നിലെ അടിസ്ഥാന വസ്തു. ഓരോ ഡോസ് മരുന്നിലും പോളിയോ രോഗത്തിന്റെ  ലക്ഷകണക്കിന് അണുക്കൾ അടങ്ങിയിരിക്കും. മറ്റു മാരകമായ രോഗാണുക്കളും ഇതിലുൾപ്പെടാൻ സാധ്യതയുണ്ട്. ഈ മരുന്നിൽ  SV40, ബൊവൈൻ റിട്രോ വൈറസ്, മങ്കികൊറൈസ, SIV തുടങ്ങിയ

വൈറസുകളെ ശാസ്ത്രജ്ഞൻ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം വൈറസുകൾ മാരകരോഗങ്ങൾക്കു കാരണമാകാം. കേടുകൂടാതിരിക്കുന്നതിനും മണം, നിറം തുടങ്ങിയവ നിയന്ത്രിക്കുന്നതിനുമായി അത്യന്തം അപകടകരമായ പല രാസ വസ്തുക്കളും ഈ മരുന്നിൽ ചേർത്തിട്ടുണ്ട്.



**പാർശ്വഫലം മൂലം അനേകം കുഞ്ഞുങ്ങൾക്ക് തളർച്ചയും മരണവും സംഭവിക്കാനിടയായതാണ് അമേരിക്കയടക്കമുള്ള വികസിത രാജ്യങ്ങൾ ഈ മരുന്ന് നിർത്തിവയ്ക്കാൻ കാരണം. മെഡിക്കൽ പാഠപുസ്തകങ്ങളും അതതു രാജ്യങ്ങളിലെ ഔദ്യോഗിക വെബ്സൈറ്റുകളും ഇക്കാര്യം വിശദമാക്കുന്നുണ്ട്. നമ്മുടെ നാട്ടിലും ഒരുപാട് പാർശ്വഫലങ്ങളുണ്ടാകുന്നുണ്ട്. അവയെല്ലാം മൂടിവച്ചുകൊണ്ടാണ് വീണ്ടും വീണ്ടും ഈ മരുന്ന് അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്നത്. അതീവ ഗുരുതരമായ വി.ഡി.പി.വി എന്ന തളർച്ചാരോഗം 2000ൽ അമേരിക്കയിൽ കണ്ടെത്തി. പത്തുവർഷം മുമ്പ് അവിടെ വിതരണ ചെയ്ത പോളിയോ തുള്ളിമരുന്നിൽനിന്നാണ് ഈ രോഗം ഉണ്ടായതെന്ന് ലോകാരോഗ്യസംഘടന സമ്മതിച്ചു.**

### രോഗം വിതയ്ക്കുന്നു കൊല്ലുന്നു

പലതരത്തിലുള്ള രോഗബാധകളും മരണവും ഈ മരുന്നിൽനിന്നുണ്ടാകുന്നതായി പഠനങ്ങൾ മുന്നറിയിപ്പു നൽകുന്നു. VAPP എന്ന പാർശ്വഫലം മൂലം അനേകം കുഞ്ഞുങ്ങൾക്ക് തളർച്ചയും മരണവും സംഭവിക്കാനിടയായതാണ് അമേരിക്കയടക്കമുള്ള വികസിത രാജ്യങ്ങൾ ഈ മരുന്ന് നിർത്തിവയ്ക്കാൻ കാരണം. മെഡിക്കൽ പാഠപുസ്തകങ്ങളും അതതു രാജ്യങ്ങളിലെ ഔദ്യോഗിക വെബ്സൈറ്റുകളും ഇക്കാര്യം വിശദമാക്കുന്നുണ്ട്. നമ്മുടെ നാട്ടിലും ഒരുപാട് പാർശ്വഫലങ്ങളുണ്ടാകുന്നുണ്ട്. അവയെല്ലാം മൂടിവച്ചുകൊണ്ടാണ് വീണ്ടും വീണ്ടും ഈ മരുന്ന് അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്നത്. ഭ്രാന്തിപ്പശുരോഗം ബാധിച്ചുമരിച്ച പശുക്കളുടെ ചലത്തിൽ നിന്ന് ബ്രിട്ടനിലെ 'മെഡീവ' എന്ന കമ്പനി കോടിക്കണക്കിന് ഡോസ് തുള്ളിമരുന്നുണ്ടാക്കിയതായും, അത് അവിടെ നിരോധിച്ചപ്പോൾ മറ്റ്‌രാജ്യങ്ങളിലേക്ക് അയച്ചതായും റിപ്പോർട്ടുകൾ വന്നു. ആ വർഷങ്ങളിൽ നമ്മുടെ നാട്ടിൽ വന്ന മരുന്നു കുപ്പികളിൽ കമ്പനിപ്പേരോ നിർമ്മിച്ച രാജ്യത്തിന്റെ പേരോ ഇല്ലായിരുന്നു. അതീവ ഗുരുതരമായ വി.ഡി.പി.വി എന്ന തളർച്ചാരോഗം 2000ൽ അമേരിക്കയിൽ കണ്ടെത്തി. പത്തുവർഷം മുമ്പ് അവിടെ വിതരണ ചെയ്ത പോളിയോ തുള്ളിമരുന്നിൽനിന്നാണ് ഈ രോഗം ഉണ്ടായതെന്ന് ലോകാരോഗ്യസംഘടന സമ്മതിച്ചു. അതിനുശേഷം ഫിലിപ്പൈൻസ്, മഡഗാസ്കർ, റഷ്യ, ചൈന തുടങ്ങിയ ഇടങ്ങളിൽ ഈ പാർശ്വഫലം റിപ്പോർട്ട് ചെയ്യപ്പെട്ടു. 2006ൽ വി.ഡി.പി.വി ബാധിച്ച് നൈജീരിയയിൽ 69 കുഞ്ഞുങ്ങൾ തളർന്നുപോയതായി വി.ഡി.പി.വി റിപ്പോർട്ട് ചെയ്തു. പാക്കിസ്ഥാൻ, നൈജീരിയ എന്നിവിടങ്ങളിൽ വിതരണം ചെയ്ത തുള്ളിമരുന്നിൽ വന്ധ്യതക്കു കാരണമായ രാസവസ്തുക്കൾ കണ്ടെത്തിയതും അതിന്റെ പേരിൽ അവിടെ പ്രക്ഷോഭങ്ങളും നിയമനടപടികളും നടക്കുന്നതായും ആ രാജ്യങ്ങളിൽ നിന്നുള്ള റിപ്പോർട്ടർമാർ വിശദമാക്കുന്നു.

### പൾസ് പോളിയോ എന്ന വമ്പൻ കച്ചവടം

ലോകത്തേറ്റവും വലിയ വ്യവസായങ്ങളിലൊന്നാണ് മരുന്നു വ്യവസായം. ഒരു സ്വകാര്യ കമ്പനിയും സൗജന്യമായി മരുന്നുകൊടുക്കുന്നില്ല അവരുടെ ലക്ഷ്യം ലാഭമാണ്. ഗവൺമെന്റ് മുടക്കുന്നത് നമ്മുടെ പണമാണ്. നമ്മുടെ ഗുണത്തിനുപയോഗിക്കേണ്ട പൊതുഫണ്ടാണ് ലോകാരോഗ്യ സംഘടന പോലുള്ളവരുടെ കയ്യിലിരിക്കുന്നത് ഈ ഭീമമായ തുകകൾ സ്വകാര്യ വ്യക്തികൾക്ക് കൈമാറാനുള്ള ആസൂത്രിതമായ പരിപാടികളിലൊന്നാണ് പൾസ് പോളിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

### പൾസ് പോളിയോയുടെ മറവിൽ മരുന്നു പരീക്ഷണം

ജി.എസ്.കെ. തുടങ്ങിയ വമ്പൻ കമ്പനികളാണ് ലോകത്തേറ്റവും തുള്ളിമരുന്നു നിർമ്മിക്കുന്നത്. ലോകത്തേറ്റവുമധികം ക്ലിനിക്കൽ ട്രയലുകൾ (മരുന്നു പരീക്ഷണങ്ങൾ) നടത്തുന്നതും ഈ കമ്പനികൾ തന്നെ. പൾസ് പോളിയോയുടെ മറവിൽ പല ട്രയലുകളും ഇത്തരത്തിൽ നടക്കുന്നുണ്ട്. MOPV എന്ന മരുന്ന് പോളിയോയുടെ മറവിൽ ഇന്ത്യയിലെ കുഞ്ഞുങ്ങളിൽ പരീക്ഷണം നടത്തി. അതിനെതിരായി ലോകത്തിന്റെ പലഭാഗത്തുനിന്നും മനുഷ്യാവകാശ പ്രവർത്തകർ ശബ്ദമുയർത്തി. ഇന്ത്യയിൽ നടന്ന ഈ പരീക്ഷണത്തെ ലോകസോഷ്യൽ ഫോറം പലതവണ അപലപിക്കുകയുണ്ടായി. എന്നാൽ ഇവിടുത്തെ മാധ്യമങ്ങളും ബുദ്ധിജീവികലും ഈ വിവരം മൂടിവച്ചു. BOPV എന്ന മരുന്നിന്റെ പരീക്ഷണം പൾസ് പോളിയോയുടെ മറ

വിൽ നടന്നതായി ടൈംസ് ഓപ് ഇന്ത്യ (2009 ജനുവരി 22) റിപ്പോർട്ട് ചെയ്തു. ഇൻഡോർ, ചെന്നെ, പൂനെ എന്നിവിടങ്ങളിലുള്ള 900 നവജാത ശിശുക്കൾക്ക് പനേഷ്യാ ബയോടെക് എന്ന കമ്പനിയുടെ പരീക്ഷണ മരുന്നാണ് കൊടുത്തത്. നമ്മുടെ കുഞ്ഞുങ്ങളെ പരീക്ഷണ മൃഗങ്ങളാക്കാൻ ആരാണ് ഇവർക്ക് അധികാരം നൽകിയത്?

### അമേരിക്ക ഒഴിവാക്കിയ മരുന്ന് ഇന്ത്യയിൽ

അമേരിക്കയിൽ തുള്ളിമരുന്ന് വിതരണം നിർത്തിവയ്ക്കാൻ മുൻകൈ എടുത്തത് സി.ഡി.സി എന്ന കേന്ദ്രമാണ്. എന്നാൽ നമ്മുടെ നാട്ടിൽ തുള്ളി മരുന്നു കൊടുക്കാൻ നിർബന്ധിക്കുന്ന പോസ്റ്ററുകൾക്കു കീഴിൽ സി.ഡി.സിയുടെ ചിഹ്നം കാണാം. അവിടെ വേണ്ടെന്നുവച്ച 1999ൽ രണ്ടു ഡോസിനു പകരം നാലുഡോസ് മരുന്നാണ് ഇവിടെ വതരണം ചെയ്തത് എന്ന കാര്യം കൂടി ഇതോടൊപ്പം ചേർത്തു വായിച്ചാൽ കാര്യം പിടികിട്ടും. അമേരിക്കയിലെ സി.ഡി.സിക്ക് ഇന്ത്യയിലെ കുഞ്ഞുങ്ങളുടെ ആരോഗ്യത്തിൽ എന്താണിത്ര താത്പര്യം!

### കണക്കുകൾ എന്ന തട്ടിപ്പ്

പണ്ട് എല്ലാതരം തളർച്ചകളെയും പോളിയോ ആയി കണക്കാക്കുകയായിരുന്നു പതിവ്. പൾസ് ആരംഭിച്ചതിന് ശേഷം ഈ രീതി മാറി. വിശദമായ ലബോറട്ടറി ടെസ്റ്റുകൾക്ക് ശേഷം രോഗിയിൽ പോളിയോ രോഗാണുസാന്നിദ്ധ്യവും കണ്ടെത്തിയാൽ മാത്രമേ രോഗം പോളിയോ ആയി പ്രഖ്യാപിക്കൂ. ഇന്ന് പോളിയോ രോഗികളുടെ എണ്ണം കുറയാൻ പ്രധാന കാരണം ഈ കണക്കിലെ കളിയാണ്.

പൾസ് പോളിയോയുടെ ആദ്യവർഷമായ 1996ൽ ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് വെറും 1005 തളർച്ചാ കേസുകളാണ്. (AFP ) കാര്യമായ പരിശോധനകളൊന്നും കൂടാതെ ഇതുമുഴുവൻ പോളിയോ ആയി കണക്കാക്കുകയായിരുന്നു. എന്നാൽ 54786 തളർച്ചാ കേസുകളാണ് 2010ൽ റിപ്പോർട്ട് ചെയ്തത്. വളരെ കർശനമായ പരിശോധനകൾക്കു ശേഷം അവയിൽ വെറും 43 എണ്ണം മാത്രം പോളിയോ ആയി അംഗീകരിക്കുകയും ബാക്കിയുള്ള മഹാ ഭൂരിപക്ഷം കേസുകൾ മൂടിവെയ്ക്കുകയും ചെയ്തു.

തളർച്ചാ രോഗങ്ങൾ എന്തുകൊണ്ട് ഈ വർഷങ്ങൾക്കിടയിൽ കുത്തനെ വർദ്ധിച്ചു? പോളിയോ തുള്ളിമരുന്നിന്റെ അമിതമായ ഉപയോഗമല്ലേ അതിനു കാരണം? ഈ ചോദ്യങ്ങൾക്കു നേരെ സർക്കാരും സർക്കാരും ലോകാരോഗ്യസംഘടനയും കണ്ണടക്കുന്നു. ഓറൽ പോളിയോ വാക്സിൻ വൻതോതിൽ വിതരണം ചെയ്യുന്ന രാജ്യങ്ങളിലെല്ലാം തളർച്ചാ രോഗങ്ങൾ ഇതേരീതിയിൽ കുത്തനെ കൂടുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

കേരളത്തിൽ കഴിഞ്ഞ 20 വർഷത്തിനിടെ ജീവിത നിലവാരത്തിലുണ്ടായ ഉയർച്ചാമൂലം പൊതുവെ തളർച്ചാരോഗങ്ങളിൽ വന്ന ഇടിവിനെ പോളിയോ വാക്സിന്റെ ഫലപ്രാപ്തിയായി പ്രചരിപ്പിക്കുകയാണ് അധികൃതർ. വെറും നാലു രാജ്യങ്ങളിൽ മാത്രമേ പോളിയോ രോഗം ഉള്ളു എന്നാണ് ആരോഗ്യവകുപ്പു പ്രചരിപ്പിക്കുന്ന മറ്റൊരു കള്ളത്തരം. ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടുകൾ ഇതിനുവിരുദ്ധമാണ്. 13 രാജ്യങ്ങളിലായിരുന്നു പോളിയോ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്. 2010ൽ അത് 21 ആയി വർദ്ധിക്കുകയാണ് ഉണ്ടായത്.

### പറയുന്നത് തെളിയിക്കാൻ ഞങ്ങൾ തയ്യാർ

ഈ ആധികാരിക വിവരങ്ങൾക്കും കണക്കുകൾക്കും ഏതുകോടതിയിലും സ്വീകാര്യമായ രീതിയിൽ തെളിവു നൽകാൻ ഞങ്ങൾ തയ്യാറാണ്. ഇതിലുള്ള എന്തെങ്കിലുമൊരു വിവരം തെറ്റാണെന്ന് തെളിഞ്ഞാൽ ഞങ്ങൾക്കെതിരെ നിയമനടപടി കൈകൊള്ളാവുന്നതാണ്.

**പോളിയോ തുള്ളിമരുന്ന് ഫലപ്രദമാണെന്നും സുരക്ഷിതമാണെന്നും പ്രചരിപ്പിക്കുന്നവർക്ക് ഇതുപോലൊരു ഉറപ്പുതരാനാവുമോ?**

കോടികൾ ചെലവഴിച്ച് സിനിമാതാരങ്ങളെ ഇറക്കി പരസ്യം ചെയ്യുന്ന ആരോഗ്യവകുപ്പുകൾ, ഐ.എം.എ, ഐ.എ.പി, റോട്ടറി ക്ലബ്, ലോകാരോഗ്യ സംഘടന, സി.ഡി.സി തുടങ്ങിയ കേന്ദ്രങ്ങൾ തുള്ളിമരുന്ന് പലപ്രദമാണെന്നും പൂർണ്ണസുരക്ഷിതമാണെന്നും ഏതെങ്കിലുമൊരു ആധികാരിക വൈദ്യശാസ്ത്ര ഗ്രന്ഥം മുൻനിർത്തി തെളിയിക്കാൻ തയ്യാറാവുമോ?

*സാജൻ സിന്ധു - 9446279596*

## മരുന്ന് പരീക്ഷണങ്ങൾ: ജനം ജാഗ്രത പാലിക്കുക

അനധികൃതമായി, മാനദണ്ഡങ്ങൾ പാലിക്കാതെ, പാവപ്പെട്ടവരും ദുർബ്ബലരുമായ രോഗികളുടെ മേൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണങ്ങൾ രഹസ്യമായും പരസ്യമായും വർദ്ധിച്ചു വരുന്നുണ്ട്. പ്രശസ്തമായ സ്ഥാപനങ്ങളും പ്രഗത്ഭരായ വൈദ്യശാസ്ത്ര ഗവേഷകരും ഡോക്ടർമാരും കരുത്തരായ മരുന്നു കമ്പനികളുടെയും സംഘടിതരായ ഇടനിലക്കാരുടെയും പ്രലോഭനങ്ങളിൽപ്പെട്ട് ആരോഗ്യ മേഖലയെ തകർക്കുന്നു. പൊതുജത്തിന്റെയും ഭരണകൂടസ്ഥപനങ്ങളുടേയും അറിവില്ലായ്മയും അനാസ്ഥയും നിസ്സംഗതയും കുറ്റവാളികൾക്കും ചൂഷകർക്കും അനുകൂലമായ സാഹചര്യം സൃഷ്ടിക്കന്നു. ഔഷധ വ്യാപാരികളും ആരോഗ്യ മേഖലകലും തമ്മിൽ ഉടലെടുത്തിട്ടുള്ള അനാശാസ്യബന്ധങ്ങൾ പൊതുജനത്തിനിടയിൽ ആശങ്കയിലാക്കിയിരിക്കുന്നു. ദേശീയവും അന്തർദേശീയവുമായ നിയമങ്ങളും മാർഗ്ഗരേഖകളും അനുസരിച്ച് ഗൗരവപൂർവ്വം നിർവ്വഹിക്കപ്പെടേണ്ട മരുന്നു ഗവേഷണങ്ങളും അവയുടെ നിയന്ത്രണവും കൊള്ളവ്യാപാരമായിമാറി. അതികായകരായ ഔഷധ നിർമ്മാതാക്കളും അതിപ്രശസ്തരായ ഡോക്ടർമാരും ഗവേഷകരും സ്ഥാപനങ്ങളും ചേർന്ന് സൃഷ്ടിക്കുന്ന ഭയാനകമായ ഈ സാമൂഹ്യ സാഹചര്യത്തെ ഫലപ്രദമായി തടയാനുള്ള ഏക വഴി പൊതുജന ജാഗ്രത മാത്രമാണ്. മറ്റെല്ലാ പരിഹാര മാർഗ്ഗങ്ങളും മേൽപറഞ്ഞ ശക്തമായ മാഫിയ സംഘത്തിന്റെ സ്വാധീനത്തിലാണ്. അപായസൂചന യഥാസമയം നൽകേണ്ട മാധ്യമങ്ങളെപ്പോലും ഇക്കൂട്ടർ കൈപ്പിടിയിലൊതുക്കിയിരിക്കുന്നു. പൊതു സമൂഹത്തെയും പൊതുസ്ഥാപനങ്ങളെയും ബോധവൽക്കരിച്ചുകൊണ്ട് മാരകമായ ഈ സാമൂഹ്യ വിപത്തിനെ പ്രതിരോധിക്കാൻ എല്ലാവരും മുന്നോട്ടു വരണം. മരുന്നു പരീക്ഷണങ്ങൾക്ക് നിങ്ങളോ, നിങ്ങൾ അറിയുന്നവരോ ഇരകളായിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് ഈ വിഷയത്തിൽ കൂടുതൽ അറിവോ സഹായമോ ആവശ്യമുണ്ടെങ്കിൽ, നിങ്ങളുടെ സ്ഥാപനത്തിലോ ജീവത പരിസരങ്ങളിലോ ഇതു സംബന്ധിച്ച ചർച്ചാ സദസ്സുകൾ ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെടുക: *ജനനീതി, മണ്ണുത്തി പി.ഒ, തൃശൂർ - 680651, ഫോൺ: 0487 2373479, 2373281*